

എല്ലാ മാസത്തെയും ഒന്നാം തീയതി ഈശോ ആനിലൂടെ തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യത്തിന് ഒരു പുതിയ സന്ദേശം നല്കുന്നു.

ജൂൺ 1, 2011

ഈശോ

പ്രിയ അപ്പസ്തോലരെ, വളരെ സന്തോഷത്തോടെയാണ് ഇന്ന് ഞാൻ നിങ്ങളോട് സംസാരിക്കുന്നത്. കരുണയുടെ എന്റെ പദ്ധതിയോട് നിങ്ങൾക്കുള്ള വിശ്വസ്തതയെ ഓർക്കുമ്പോൾ, ഞാൻ ആഹ്ലാദിക്കുന്നു. വിശുദ്ധിയോടുള്ള നിങ്ങളുടെ വിശ്വസ്തതയെ ഓർക്കുമ്പോൾ, ഞാൻ ആഹ്ലാദിക്കുന്നു. വിശുദ്ധി പ്രാപിക്കാനുള്ള നിങ്ങളുടെ പ്രതിബദ്ധതയ്ക്ക് തത്ക്കാല വിരാമമിടരുത്. സൗമ്യതയുടേയും ദയയുടേയും ആത്മാവിലേക്കുള്ള ഈ ശാന്തമായ പ്രയാണം മറ്റുള്ളവരെയും, അതെ, നിങ്ങളെത്തന്നെയും, സഹാനുഭൂതിയോടെ കാണാൻ സഹായിക്കുന്നതായിരിക്കണം. നിങ്ങളെത്തന്നെ സഹാനുഭൂതിയോടെ നോക്കി കാണുറുണ്ടോ? നിങ്ങളുടെ അവസ്ഥയേപ്പറ്റി ഓർക്കുമ്പോൾ ദയയും കാരുണ്യവും, നിങ്ങൾക്കുതന്നെ സമർപ്പിക്കാറുണ്ടോ? എന്റെ സ്നേഹിതരെ, എന്റെ പ്രിയപ്പെട്ട സ്നേഹതരെ, ഞാൻ നിങ്ങളെ ദർശിക്കുന്നതുപോലെ നിങ്ങളും സൂക്ഷമതയോടെ നിങ്ങളെത്തന്നെ ദർശിക്കുക. കുറ്റപ്പെടുത്തലിലേക്ക് നയിക്കത്തക്കവിധം പരുഷമായി നിങ്ങളെത്തന്നെ നോക്കി കാണാതിരിക്കുവാൻ ശ്രദ്ധിക്കുക. കാരുണ്യത്തിനെതിരായ പ്രലോഭനം നിങ്ങൾക്കുണ്ടാകുമ്പോൾ, ഓർക്കുക, യഥാർത്ഥത്തിൽ സത്യത്തിന് എതിരായിട്ടാണ് നിങ്ങൾക്ക് പ്രലോഭനം ഉണ്ടായത്. കാരണം, കാരുണ്യവും സ്നേഹവും വഴിയാണ് നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയേയും വിശുദ്ധിയിലേക്കുള്ള നിങ്ങളുടെ പുരോഗതിയേയും അഭിസംബോധന ചെയ്യുന്നത്. ഞാൻ സ്നേഹമാണ്. മറ്റുള്ളവരെ സ്നേഹിക്കുക എന്നു പറയുകയും, അതേസമയം നിങ്ങളിൽ നിന്ന് എന്റെ സ്നേഹം തടഞ്ഞുവയ്ക്കുക എന്ന് പറയാനും എനിക്ക് ഒരിക്കലും സാധിക്കുകയില്ല.  അത് പരാജയപ്പെടുവാൻ വിധിക്കപ്പെട്ട തെറ്റായ ഒരു പദ്ധതിയാണ്. സ്വീകരിക്കുവാൻ പര്യാപ്തമായ ഒരു ഹൃദയം ഞാൻ നിങ്ങൾക്ക് നല്കുന്നു. എന്റെ സ്നേഹം സമൃദ്ധമായി സ്വീകരിക്കുക. സ്നേഹം സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ഭൂമിയിലെ ഒരു നീരുറവപോലെ സ്വർഗ്ഗപ്രാപ്തിക്കായി നിലകൊള്ളുക. എന്റെ ഏറ്റവും വാത്സല്യം നിറഞ്ഞ അപ്പസ്തോലാ, ഇന്ന് നിന്റെ ഹൃദയം പരിശോധിക്കുക. നിന്നോടുതന്നെയുള്ള കാരുണ്യവും സഹാനുഭൂതിയും നിന്റെ ഹൃദയത്തിൽ കണ്ടെത്തുന്നില്ലെങ്കിൽ, എത്രയും പെട്ടെന്നുതന്നെ എന്റെ പക്കലേക്ക് വരികയും ഇതെല്ലാം നിനക്ക് തരണമെന്ന് എന്നോട് ആവശ്യപ്പെടുകയും ചെയ്യുക. നിന്റെ  ഇപ്പോഴത്തെ അവസ്ഥ സ്വീകരിക്കുകയും എനിക്ക് നിന്നോടുള്ള സമ്പൂർണ്ണമായ സ്നേഹവും മനസിലാക്കുന്നില്ലെങ്കിൽ നിന്നെക്കുറിച്ചും, ഈ ലോകത്തെക്കുറിച്ചുമുള്ള എന്റെ പദ്ധതി ആവശ്യമായ വിധത്തിൽ ഒരിക്കലും പുരോഗതി പ്രാപിക്കുകയില്ല. വിശുദ്ധിയിലേക്കുള്ള നിങ്ങളുടെ സാദ്ധ്യത തീർച്ചയായും ഇതുവരെ പൂർണ്ണത പ്രാപിച്ചിട്ടില്ല. എന്നാൽ, ഇതിൽ പുരോഗതി കൈവരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത് ആത്മവിശ്വാസത്തോടെയും ആനന്ദത്തോടെയും പ്രത്യാശയോടെയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ആഹ്ലാദിക്കുക. ഞാൻ നിന്നോട് കൂടെയുണ്ട്.

**നമ്മുടെ കാലത്തിന്റെ മാർഗദർശനം**

**അത്മായ അപ്പസ്തോലയായ ആനിന് നൽകപ്പെട്ടത്.**

കൂടുതൽ വിവരങ്ങൾക്ക്:
www.directionforourtimes.com

Dr. Sunny George
Mob : 940 076 4696
E-mail : geosunny@gmail.com